ഹരിജൻ ഡവലപ്മെൻറ് കോർപ്പറേഷനിൽ ഹരിജനങ്ങൾക്ക് നൽകിയ ആട്ടോറിക്ഷ

344. [528] ശ്രീ. കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിജൻ ഡവലപ്മെൻറ് കോർപ്പറേഷൻറെ തിരുവനന്തപുരം റീജിയനൽ ഓഫീസ് വഴി ഹരിജനങ്ങൾക്ക് നൽകിയ കേരളാ ആട്ടോ മൊബൈൽസിൻറെ ആട്ടോറിക്ഷാ വളരെ ഗുണനിലവാരം കുറഞ്ഞതാണെന്ന വസ്തുത ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ബാങ്ക് വായ്പപോലും അടയ്ക്കുവാൻ നിവർത്തിയില്ലാത്ത 90% വണ്ടികളും നിത്യവും വർക്ഷോപ്പിലായതിനാൽ ഇവരെ ഈ കഷ്ടപ്പാടിൽ നിന്നും രക്ഷിക്കാൻ 5,000 രൂപ വീതം സബ്സിഡി അനുവദിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ;

(സി) ബാങ്കുകാർ ഇവരുടെ വീടുവരെ ജപ്തിചെയ്യാൻ സാദ്ധ്യതയുള്ള സാഹചര്യത്തിൽ ഇവരെ രക്ഷിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ;

(ഡി) ഗുണനിലവാരം തീരെ കുറഞ്ഞ വണ്ടിയാണിതെന്ന് മനസ്സിലാക്കാതെ ഇവർക്കു വേണ്ടി ജാമ്യം നിന്ന സർക്കാർ ജീവനക്കാരുടെ മേൽ ബാങ്കുകാർ നടപടി എടുക്കാതിരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കോർപ്പറേഷൻറെ തിരുവനന്തപുരം റീജിയനൽ ഓഫീസ് മുഖേന കൊല്ലം ജില്ലയിൽ വിതരണം ചെയ്ത ഏതാനും ആട്ടോറിക്ഷകൾക്ക് ചില തകരാറുകൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. തൽമൂലമുണ്ടായ പരാതികൾക്കും പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. പൊതുവെ ഗുണനിലവാരം കുറഞ്ഞതാണെന്ന അഭിപ്രായമില്ല.

(ബി) 90% വണ്ടികളും നിത്യവും വർക്ഷാപ്പിലാണെന്നു പറയുന്നത് ശരിയല്ല. ഏതാനും ചില വണ്ടികൾക്കു മാത്രമേ തകരാറുണ്ടായിരുന്നുള്ളു. അവ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾതന്നെ 3,000 രൂപയോളം ഓരോ ഗുണഭോക്താവിനും സബ്സിഡിയായി നൽകിയിട്ടുണ്ട്. കൂടുതൽ നൽകാൻ ഉദ്ദേശമില്ല.

(സി) തകരാറുകൾ ഉള്ളതായി ബോദ്ധ്യപ്പെട്ട ഓട്ടോറിക്ഷകളുടെ കാര്യത്തിൽ വേണ്ട പരിഹാര നടപടികൾ എടുത്തുകഴിഞ്ഞിട്ടുണ്ട്. വായ്പയുടെ തവണ സംഖ്യയിലും ഗഡുക്കളിലും ആവശ്യമായ മാറ്റം വരുത്തിയിട്ടുണ്ട്.

(ഡി) കേരളാ ആട്ടോമൊബൈൽസ് വിതരണം ചെയ്ത ഏതാനും ആട്ടോറിക്ഷകൾക്ക് മാത്രമേ ചെറിയ തകരാറുകൾ ഉള്ളതായി കണ്ടിരുന്നുള്ളൂ. അവയ്ക്ക് അപ്പോൾതന്നെ ഗുണഭോക്താക്കളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് കേരളാ ആട്ടോ മൊബൈൽസും, ബാങ്കും, കോർപ്പറേഷനും ചേർന്ന് കഴിയുന്ന നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. അതിൻറെ ഫലമായി ഗുണഭോക്താക്കൾ വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്ന സാഹചര്യമാണിപ്പോൾ നിലവിലുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly